REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ജമ്മുകശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ടത്തിൽ 61 ശതമാനത്തിലേറെ റെക്കോഡ് പോളിങ്ങ്**
- **മലപ്പുറത്തെ നിപ ബാധയുമായി ബന്ധപ്പെട്ട് ഇന്നലെ 10 പേരുടെ പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവായി.**
- **സംസ്ഥാനത്ത് M-പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്ജ്.**
- **ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയ്ക്ക് ഇന്ന് ചെന്നൈയിൽ തുടക്കമാകും.**
- **പ്രഥമ കേരളാ ക്രിക്കറ്റ് ലീഗ് കിരീടം ഏരീസ് കൊല്ലം സെയ്‌ലേഴ്സിന്.**

## വാർത്തകൾ വിശദമായി

ജമ്മുകശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ടത്തിൽ 61 ശതമാനത്തിലേറെ റെക്കോഡ് പോളിങ്ങ് രേഖപ്പെടുത്തി. കഴിഞ്ഞ 35 വർഷത്തെ ഏറ്റവും ഉയർന്ന പോളിങ്ങ് നിരക്കാണിത്. പുൽവാമ, ഷോപിയാൻ, കുൽഗാം, കിഷ്ത്വാർ, അനന്ത്നാഗ്, റംബാൻ, ദോഡ എന്നീ ഏഴ് ജില്ലകളിലെ 24 നിയമസഭാ മണ്ഡലങ്ങളിലും വോട്ടെടുപ്പ് സമാധാനപരമായിരുന്നുവെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

രണ്ടാം ഘട്ടത്തിൽ ഈ മാസം 25നും മൂന്നാം ഘട്ടത്തിൽ അടുത്തമാസം ഒന്നിനും വോട്ടെടുപ്പ് നടക്കും. വോട്ടെണ്ണൽ അടുത്തമാസം 8 നാണ്.

✪✪✪

നാല് ദിവസത്തെ വേൾഡ് ഫുഡ് ഇന്ത്യ 2024 മേളക്ക് ഇന്ന് ഡൽഹിയിൽ തുടക്കമാവും. തൊണ്ണൂറിലേറെ രാജ്യങ്ങളും 26 സംസ്ഥാനങ്ങളും 18 കേന്ദ്രമന്ത്രാലയങ്ങളും പരിപാടിയിൽ പങ്കെടുക്കുമെന്ന് ഭക്ഷ്യസംസ്കരണ വകുപ്പ് അറിയിച്ചു. ജപ്പാനാണ് മേളയിലെ പങ്കാളിത്തരാജ്യം. വിയറ്റ്നാമും ഇറാനും കേന്ദ്രീകൃതരാജ്യങ്ങളായും മേളയിൽ പങ്കെടുക്കും. ഭക്ഷ്യ സംസ്കരണ രംഗത്തെ പുതിയ കണ്ടുപിടുത്തങ്ങളും സാങ്കേതിക വിദ്യകളും പ്രദർശിപ്പിക്കുന്ന ആഗോള മേളയാണിത്.

✪✪✪

സ്റ്റാർട്ടപ്പുകളുടേയും, വനിതാ സംരംഭങ്ങളുടേയും അടക്കം പേറ്റന്റ് രജിസ്ട്രേഷൻ ഫീസ് 80 ശതമാനം കുറയ്ക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചതായി കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ അറിയിച്ചു. MSME, അക്കാദമിക് സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കും ഈ ആനുകൂല്യം ലഭിക്കും. ന്യൂഡൽഹിയിൽ ട്രേഡ്മാർക്കുമായി ബന്ധപ്പെട്ട നിർമ്മിതബുദ്ധി ടൂളുകളും സാരഥി ചാറ്റ് ബോട്ടും ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

ട്രേഡ്മാർക്ക് രജിസ്ട്രേഷൻ പ്രക്രിയ വേഗത്തിലാക്കാനും കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം കുറക്കാനും പുതിയ സംവിധാനങ്ങൾ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഗോയൽ അറിയിച്ചു.

✪✪✪

ഡൽഹി മുഖ്യമന്ത്രിയായി അതിഷി മർലേന മറ്റന്നാൾ സത്യപ്രതിജ്ഞ ചെയ്തേക്കും. ഇതുസംബന്ധിച്ച ശുപാർശ ലഫ്റ്റനന്റ് ഗവർണർ V.K സക്സേന രാഷ്ട്രപതി ദ്രൗപദി മുർമുവിന് കൈമാറി. അരവിന്ദ് കെജ് രിവാളിന്റെ രാജിക്കത്തും ഇതോടൊപ്പം രാഷ്ട്രപതിക്ക് സമർപ്പിച്ചിട്ടുണ്ട്.

✪✪✪

മലപ്പുറത്തെ നിപ ബാധയുമായി ബന്ധപ്പെട്ട് ഇന്നലെ 10 പേരുടെ പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവായതായി മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് അറിയിച്ചു. മരിച്ച യുവാവിനൊപ്പം ആശുപത്രിയിൽ ഉണ്ടായിരുന്ന മാതാവിന്റെയും അടുത്ത ബന്ധുക്കളുടേയും ചികിത്സിച്ച ഡോക്ടറുടേയും സ്രവപരിശോധന ഫലമാണ് ഇന്നലെ ലഭിച്ചത്.

**.....ഡെസ്ക് റിപ്പോർട്ട്....**

**നിപ...വോയ്സ്**

ഇതുവരെ 26 പേരുടെ പരിശോധനാ ഫലമാണ് നെഗറ്റീവായത്. ഇന്നലെ 11 പേരെ കൂടി സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തി. ഇവരിൽ അഞ്ച് പേർ ഹൈറിസ്ക് വിഭാഗത്തിൽ പെട്ടവരാണ്.

സമ്പർക്കപ്പട്ടികയിൽ ഇപ്പോൾ 266 പേരുണ്ട്. ഇതിൽ 81 പേർ ആരോഗ്യ പ്രവർത്തകരാണ്. 176 പേർ പ്രൈമറി കോൺടാക്ട് പട്ടികയിലും 90 പേർ സെക്കന്ററി കോൺടാക്ട് പട്ടികയിലുമുണ്ട്. പ്രൈമറി പട്ടികയിലെ 133 പേർ ഹൈറിസ്ക് വിഭാഗത്തിലാണ്. രോഗലക്ഷണത്തോടെ രണ്ട് പേർ ഇന്നലെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റായി. ഇവർ അടക്കം ആറ് പേർ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലും 21 പേർ പെരിന്തൽമണ്ണ MES മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിത്സയിലാണ്.

ഫീൽഡ് സർവേയുടെ ഭാഗമായി മമ്പാട്, തിരുവാലി, വണ്ടൂർ പഞ്ചായത്തുകളിൽ ഇന്നലെ 1044 വീടുകളിൽ സർവെ നടത്തി. ഇതോടെ 7953 വീട്ടുകളിലെ സർവേ പൂർത്തിയായി.

✪✪✪

മലപ്പുറത്ത് M-പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്ജ് നിർദേശം നൽകി. നേരത്തെ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗമായിരുന്നെങ്കിലും ഇപ്പോൾ മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് നേരിട്ട് പകരുന്ന രോഗമായി M- പോക്സ് മാറിയതായി മന്ത്രി അറിയിച്ചു. രോഗം ബാധിച്ച വ്യക്തിയുമായി നേരിട്ട് സമ്പർക്കത്തിൽ ഏർപ്പെടുമ്പോഴാണ് രോഗം പകരുന്നത്. വായുവിലൂടെ രോഗവ്യാപനം ഉണ്ടാവില്ല. രോഗികളെ പരിചരിക്കുന്നവരും ആരോഗ്യപ്രവർത്തകരും അണുബാധ നിയന്ത്രണ മുൻകരുതൽ സ്വീകരിക്കേണ്ടതാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ 'ആഗോള നിക്ഷേപക യോഗത്തിന്റെ ഭാഗമായ റോഡ്ഷോ ഇന്ന് ബംഗളൂരുവിൽ നടത്തും. കേരളത്തിന് പുറത്തെ രണ്ടാമത്തെ റോഡ്ഷോ ആണിത്. ഇതിലൂടെ സംസ്ഥാനത്തേക്ക് എത്തുന്ന നിക്ഷേപങ്ങളുടെ വേഗം വർധിപ്പിക്കാൻ കഴിയുമെന്ന് മന്ത്രി P രാജീവ് വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

വനം വകുപ്പ് മന്ത്രിസ്ഥാനത്തു നിന്ന് NCP  യിലെ A.K ശശീന്ദ്രനെ മാറ്റുന്ന കാര്യത്തിൽ നാളെ പാർട്ടി ദേശീയ അധ്യക്ഷൻ അന്തിമ തീരുമാനം അറിയിച്ചേക്കും. ശശീന്ദ്രനേയും പാർട്ടി MLA  തോമസ് K. തോമസിനെയും സംസ്ഥാന അധ്യക്ഷൻ PC  ചാക്കോ യേയും ശരത് പവാർ ചർച്ചക്കായി മുംബൈയിലേക്ക് വിളിച്ചിട്ടുണ്ട്.

✪✪✪

റോഡ് ജംഗ്ഷനുകളിലെയും പ്രധാന നഗരങ്ങളിലെയും ഗതാഗതകുരുക്കാണ് കേരളം നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് മന്ത്രി P A മുഹമ്മദ് റിയാസ് പറഞ്ഞു. ഇത് തരണം ചെയ്യാൻ ബൈപാസ്, ഫ്ളൈ ഓവർ, അടിപ്പാതകൾ, ജംഗ്ഷൻ വികസനപദ്ധതികൾ എന്നിവ നടപ്പാക്കി വരികയാണെന്ന് അദ്ദേഹം അറിയിച്ചു. എരുമേലി ബൈപ്പാസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പുതിയ ബൈപ്പാസ് എരുമേലി ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പുറമെ ശബരിമല തീർത്ഥാടകർക്കും സഹായകമാകുമെന്നും മന്ത്രി പറഞ്ഞു.

നവീകരിച്ച ഇടക്കുന്നം കൂവപ്പള്ളി റോഡും മറ്റൊരു ചടങ്ങിൽ മന്ത്രി നാടിന് സമർപ്പിച്ചു.

റോഡുകളിലെ ഈർപ്പം കുറച്ച് കൂടുതൽ കാലം നിലനൽക്കുന്നതിന് ആവശ്യമായ മാർഗങ്ങൾ സ്വീകരിക്കുമെന്ന് ചടങ്ങിൽ മന്ത്രി പറഞ്ഞു.

✪✪✪

കഴിഞ്ഞ ഒരാഴ്ചയായി കോഴിക്കോട് നഗരത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്ക് സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്ന ഗുരുതരപ്രശ്നമായി മാറുകയാണെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് വിലയിരുത്തി.

ജില്ലാ കലക്ടറും പോലീസ് കമ്മീഷണറും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും വിഷയത്തിൽ നേരിട്ട് ഇടപെട്ട് ഗതാഗത കുരുക്കിന് പരിഹാരം കാണണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

സ്വീകരിച്ച നടപടികൾ ഒരാഴ്ചക്കകം കമ്മീഷനെ അറിയിക്കണം. ഈ മാസം 27ന് കോഴിക്കോട്ടെ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪

ഇന്ത്യ-ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് ചെന്നൈയിൽ തുടക്കമാകും. ചെന്നൈ M.A ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. ഗൗതം ഗംഭീർ ഇന്ത്യൻ പരിശീലകനായി ചുമതലയേറ്റ ശേഷം ഇന്ത്യ കളിക്കുന്ന ആദ്യ ടെസ്റ്റ് പരമ്പരയാണിത്. കാൺപൂരിൽ 27 നാണ് രണ്ടാം ടെസ്റ്റ്.

✪✪✪

പ്രഥമ കേരളാ ക്രിക്കറ്റ് ലീഗ് കിരീടം ഏരീസ് കൊല്ലം സെയ്ലേഴ്സിന്. ഫൈനലിൽ കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസിനെ ആറു വിക്കറ്റിന് പരാജയപ്പെടുത്തിയാണ് കൊല്ലം കിരീടം നേടിയത്. കാലിക്കറ്റ് മുന്നോട്ടുവച്ച 214 റൺസ് വിജയലക്ഷ്യം കൊല്ലം 19.1 ഓവറിൽ നാലു വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. ക്യാപ്റ്റൻ സച്ചിൻ ബേബിയുടെ സെഞ്ചുറിയാണ് കൊല്ലത്തിനു വിജയം സമ്മാനിച്ചത്. 54 പന്തിൽ നിന്ന് പുറത്താകാതെ 105 റൺസെടുത്ത സച്ചിനാണ് പ്ലയർ ഓഫ് ദ മാച്ച്.

19 വിക്കറ്റെടുത്ത കൊല്ലത്തിന്റെ ഷെറഫുദ്ദീനെ പ്ലെയർ ഓഫ് ദി ടൂർണമെന്റായും തെരഞ്ഞെടുത്തു.

കേരള ക്രിക്കറ്റ് ലീഗ് ബ്രാൻഡ് അംബാസിഡർ മോഹൻലാലും മന്ത്രി V. അബ്ദുറഹിമാനും ചേർന്ന് വിജയികൾക്ക് പ്രഥമ ക്രിക്കറ്റ് ലീഗ് കപ്പ് സമ്മാനിച്ചു.

✪✪✪

സ്പെയിനിലെ ലിയോണിൽ ഇന്ന് ആരംഭിക്കുന്ന ലോക ജൂനിയർ വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ ഒമ്പത് ഇന്ത്യൻ താരങ്ങൾ പങ്കെടുക്കും. ഇന്ത്യൻ ടീമിൽ മൂന്ന് പുരുഷതാരങ്ങളും ആറ് വനിതാ താരങ്ങളുമുണ്ട്.

✪✪✪

ചൈന ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ മാളവിക ബൻസോദ് പാരീസ് ഒളിമ്പിക്സ് വെങ്കല ജേതാവ് ഇന്തോനേഷ്യയുടെ ഗ്രിഗോറിയ മെരിസ്ക തുൻജംഗിനെ ആദ്യമത്സരത്തിൽ തോൽപ്പിച്ചു. ചാങ്സുവിലെ രണ്ടാം മത്സരത്തിൽ ഇന്ന് മാളവിക സ്ക്വാട്ലന്റ് താരത്തെ നേരിടും. ടൂർണമെന്റിലെ മറ്റ് മത്സരങ്ങളിലെല്ലാം ഇന്ത്യൻ താരങ്ങൾ പരാജയപ്പെട്ടു.

✪✪✪

കോഴിക്കോട്ട് കേരള സൂപ്പർ ലീഗ് ഫുട്ബോളിൽ കാലിക്കറ്റ് FC.- കൊച്ചി ഫോഴ്സ മത്സരം സമനിലയിൽ പിരിഞ്ഞു. ഇരു ടീമുകളും ഓരോ ഗോൾ നേടി.

✪✪✪

ഇറ്റാലിയൻ ഇതിഹാസ ഫുട്ബോൾ താരം സാൽവദോർ ഷില്ലാച്ചി അന്തരിച്ചു. അദ്ദേഹത്തിന് 59 വയസ്സായിരുന്നു.1990 ലെ ലോകകപ്പിൽ ആറ് ഗോൾ നേടി ഷില്ലാച്ചി ഗോൾഡൻ ബൂട്ട് സ്വന്തമാക്കിയിരുന്നു. രണ്ട് വർഷമായി കാൻസർ ചികിത്സയിലായിരുന്നു.

✪✪✪

ആറൻമുള ഉത്രട്ടാതി മത്സരവള്ളം കളിയിൽ  A ബാച്ചിൽ കോയിപ്രം പള്ളിയോടവും B ബാച്ചിൽ കോറ്റാത്തൂർ കൈതകോടി പള്ളിയോടവും മന്നം ട്രോഫി സ്വന്തമാക്കി. അമ്പത് പള്ളിയോടങ്ങളാണ് മത്സരത്തിൽ പങ്കെടുത്തത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ബംഗ്ളൂരു FC ഹൈദരാബാദ് FC യെ നേരിടും.
വൈകിട്ട് ഏഴരയ്ക്ക് ബംഗളുരുവിലാണ് മത്സരം.

✪✪✪

കണ്ണൂർ ഇരിട്ടിയിൽ  സംസ്ഥാന ജൂനിയർ സോഫ്റ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ഇന്നലെ കാസർകോടും പത്തനംതിട്ടയും കണ്ണൂരും വിജയിച്ചു.

മലപ്പുറം വയനാടിനെയും തൃശ്ശൂർ എറണാകുളത്തെയും തിരുവനന്തപുരം കൊല്ലത്തെയും പരാജയപ്പെടുത്തി.

✪✪✪

കേരളം ഐസിസ് റിക്രൂട്ട്മെന്റ് കേന്ദ്രമാണെന്ന മുതിർന്ന CPIM നേതാവ്  P ജയരാജന്റെ പ്രസ്താവന ശരിയോ തെറ്റോ എന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ജയരാജന്റെ പരാമർശം  അതീവ ഗൗരവത്തോടെ കാണണമെന്നും കേരളം അത്തരത്തിൽ മാറിയെങ്കിൽ അതിന്റെ ഉത്തരവാദിത്തം സംസ്ഥാന ഗവൺമെന്റിനാണെന്നു അദ്ദേഹം കുറ്റപ്പെടുത്തി. മുഖ്യമന്ത്രിയുടെ സ്വന്തം ജില്ലയിൽ തന്നെ ഐസിസ് റിക്രൂട്ട്മെന്റ് നടക്കുന്നുണ്ടെന്ന് ആരോപിച്ചത് കണ്ണൂരിലെ സംസ്ഥാനസമിതി അംഗമാണ്. അടിസ്ഥാനരഹിതമായ ആരോപണമാണ് ഉന്നയിച്ചതെങ്കിൽ ജയരാജനെതിരെ നടപടിയെടുക്കണമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

✪✪✪

കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് സംസ്ഥാന ഗവൺമെന്റിന്റെ സഹായം വിതരണം ചെയ്തു തുടങ്ങി.

ദുരിതാശ്വാസക്യാമ്പുകളിലും ബന്ധുവീടുകളിലുമായി കഴിഞ്ഞ 450 പേർക്ക് സംസ്ഥാന ദുരന്തനിവാരണഫണ്ടിൽ നിന്ന് ആദ്യ ഘട്ടമായി 5000 രൂപ വീതം നൽകി. ഇതുവരെ 30ലക്ഷത്തോളം രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

✪✪✪

ആലപ്പുഴയിൽ റെയിൽവേ പാളം മുറിച്ചുകടക്കാൻ ശ്രമിക്കവെ ട്രെയിൻ തട്ടി വിദ്യാർഥി മരിച്ചു. പാതിരപ്പള്ളി സ്വദേശി വൈശാഖാണ് മരിച്ചത്. ഹോട്ടൽ മാനേജ്മെന്റ് വിദ്യാർഥിയായിരുന്നു.

✪✪✪

കോഴിക്കോട് ഹൈസ്കൂൾ വിദ്യാർഥിനിയെ ലഹരിക്ക് അടിമയാക്കി അതിക്രമം നടത്തിയെന്ന പരാതി അന്വേഷിക്കാൻ IG തല ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കണമെന്ന് സംസ്ഥാന ബാലാവകാശ കമ്മിഷൻ ഉത്തരവിട്ടു.

✪✪✪